**ആത്മമായാമൃതേ രാജൻ പരസ്യാനുഭവാത്മന:**
**ന ഘടേതാർത്ഥസംബന്ധ: സ്വപ്നദ്രഷ്ടുരിവാഞ്ജസാ (2-9-1)**
**തപോ മേ ഹൃദയം സാക്ഷാദാത്മാഹം തപസോ*f*നഘ! (2-9-22)**
**സൃജാമി തപസൈവേദം ഗ്രസാമി തപസാ പുന:**
**ബിഭർമ്മി തപസാ വിശ്വം വീര്യം മേ ദുശ്ചരം തപ: (2-9-23)**

ശുകമുനി പറഞ്ഞു:
രാജൻ, സൃഷ്ടിക്കപ്പെട്ട വസ്തുക്കളുമായി ആത്മാവിന്-ബോധസ്വരൂപമായ ആത്മാവിന്- യാതൊരു വകബന്ധങ്ങളും ഉണ്ടാവുകവയ്യ. എന്നാൽ ഭഗവൽമായയാൽ ആത്മ-വസ്തു ബന്ധം ഉള്ളതായി കാണപ്പെടുന്നു. മനുഷ്യനും അവൻെറ സ്വപ്നസംഗതികളുമായി യാഥാർഥ്യത്തിൽ ബന്ധമില്ലാത്തതുപോലെ. നാമവും രൂപവും, 'ഞാൻ', 'എൻെറ', എന്നഭാവങ്ങളും മായാവലയത്തിനുള്ളിൽ മാത്രമേയുള്ളൂ. അവയ്ക്ക് നാമരഹിതമായ, അനന്തമായ, പരമാത്മാവിനെ തൊടാൻ സാദ്ധ്യമല്ലതന്നെ. ഭഗവാൻ സ്വയം സൃഷ്ടികർത്താവിനു വെളിപ്പെടുത്തിയ ആ സത്യം ഞാൻ നിങ്ങൾക്കു പറഞ്ഞുതരാം.

ആദിയിൽ ബ്രഹ്മാവിനു സൃഷ്ടിക്കാനുള്ള ആഗ്രഹമുണ്ടായപ്പോൾ സ്വയം അതിനുള്ള കഴിവുണ്ടായിരുന്നില്ല. ആഗ്രഹസഫലീകരണത്തിനായി തീവ്രമായി ആലോചിച്ചിരിക്കുമ്പോൾ 'തപ:' എന്ന രണ്ടക്ഷരങ്ങൾ രണ്ടുതവണ അശരീരിയായിക്കേട്ടു. ബ്രഹ്മാവ് ഇതുനിർദ്ദേശമായിക്കരുതി കഠിനമായ തപസ്സനുഷ്ടിക്കാൻ തുടങ്ങി. ആയിരം ദേവവർഷങ്ങൾതന്നെ അദ്ദേഹം തപസ്സിരുന്നു. ഈ തപസ്സിൻെറ ഫലമായി അദ്ദേഹത്തിന് സൃഷ്ടിപ്രക്രിയകൾ മനസ്സിലുളവായി. അതറിവായി. സന്യാസിവര്യൻമാരുടെപോലും പരമധനമത്രെ തപസ്സ്.

ബ്രഹ്മ തപസ്സിൽ സന്തുഷ്ടനായ ഭഗവാൻ സ്വപ്രഭാവം അദ്ദേഹത്തിനു വെളിപ്പെടുത്തി. ആ പ്രഭാവപ്രദേശത്ത് യാതൊരുവിധ കാലുഷ്യങ്ങളോ ഭയമോ ഇല്ല. രജസ്തമോഗുണങ്ങളോ സത്വഗുണമോ പോലും അവിടെയില്ല. അവിടെ മായയോ കാലമോ ഇല്ല. ഭഗവൽപാർഷദന്മാർപോലും ഭഗവാനെപ്പോലെതന്നെ ശോഭയാർന്നു കാണപ്പെടുന്നു. എല്ലാവിധ സൽഗുണങ്ങളും ഐശ്വര്യങ്ങളും അവിടെ നിറഞ്ഞിരിക്കുന്നു.

സർവ്വാന്തര്യാമിയായി, സർവ്വനിയന്താവായി വർത്തിക്കുന്ന ആ പ്രഭാവത്തേയും ശോഭയേയും മനസ്സിൽ നിറച്ച് ബ്രഹ്മാവു നിലകൊണ്ടു. അപൂർവ്വാഭരണങ്ങളണിഞ്ഞ് ഏറ്റവും സുന്ദരമായൊരു സിംഹാസന ത്തിലാരൂഢനായി ഐശ്വര്യമഹത്തുക്കളുടെ അകമ്പടിയോടെ ഭഗവാൻ കാണപ്പെട്ടു. ഇരുപത്തിയഞ്ച് പ്രകൃതി ശക്തികളാൽ (പത്തിന്ദ്രിയങ്ങൾ, അഞ്ച്ഭൂതങ്ങൾ, അഞ്ചുസൂക്ഷ്മഭൂതങ്ങൾ, മനസ്സ്, അഹങ്കാരം, വിശ്വബോധം, പ്രകൃതി, ആത്മാവ്) ആ സിംഹാസനം അലങ്കരിച്ചിരുന്നു. ഭഗവാൻ ബ്രഹ്മാവിനോടു പറഞ്ഞു. "താങ്കളുടെ തപസ്സിൽ നാം അതീവ സന്തുഷ്ടനായിരിക്കുന്നു. മനുഷ്യൻെറ ധാർമ്മീകമായ പ്രവർത്തനങ്ങൾ എൻെറ ദൃഷ്ടിയിൽ പര്യവസാനിക്കുന്നു. തപസ്സ് എൻെറ ഹൃദയമാണ്. തപസ്സിൻെറ ആത്മാവുതന്നെ ഞാനാകുന്നു. ഈ തപസ്സിൻെറ ഫലമായാണ് ഞാൻ വിശ്വം സൃഷ്ടിക്കുന്നത്. ഇതേ തപസ്സിനാൽ ഞാൻ വിശ്വത്തെ പരിരക്ഷിച്ച് അവസാനം എന്നിലേക്ക് വിലയിപ്പിക്കുന്നു. എൻെറ ശക്തി തപസ്സിലടങ്ങിയിരിക്കുന്നു. ശരിയായ തപസ്സിനാൽ ഞാൻ സംപ്രീതനാവുന്നു. കള്ളത്തരത്തിൽ പ്രവർത്തിക്കുന്ന യോഗിക്ക് എന്നെ പ്രീതിപ്പെടുത്താൻ കഴിയില്ല. ബ്രഹ്മദേവാ, താങ്കൾക്കാവശ്യമുള്ള വരം ആവശ്യപ്പെട്ടാലും. എല്ലാ അനുഗ്രഹങ്ങളും നൽകാൻ കഴിയുന്നവനാണ് ഞാൻ എന്നറിയുക."